ലിറ്റിൽ കൈറ്റ്സ് സംരംഭം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION


# ഇതൾ

## ഡിജിറ്റൽ മാസിക



## ഗവൺമേന്റ് ഹയർ സെക്കണ്ടറി സ്കൂൾ , പെരുമ്പളം

<u>കേരള സർക്കാർ</u>



സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ മന്ത്രി

## സന്ദേശം

പെരുമ്പളം ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ 2018-19 അദ്ധ്യയന വർഷത്തിൽ 'ഇതൾ' എന്ന പേരിൽ ഒരു ഡിജിററൽ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

പാഠ്യ - പാഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കലാ - സാഹിത്യസൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി.രവീന്ദ്രനാഥ്

വിദ്യാഭ്യാസ മന്ത്രി

ഹെഡ് മാസ്ററർ

ഗവൺമെൻറ് ഹയർ സെക്കണ്ടറി

സ്കൂൾ , പെരുമ്പളം .34022alappuzha @gmail com

## എഡിറ്റോറിയൽ

ജീവൻ തുടിക്കുന്ന മണ്ണ്.......
തുളുമ്പുന്ന ജലാശയങ്ങൾ....
മഞ്ഞുതുള്ളി.......
നെൽപ്പാടങ്ങൾ
കിളികൾ,പൂമ്പാറ്റകൾ
ഇളം പച്ചയിൽ തളിർത്ത തേന്മാവ്
പുലരിവെയിൽ ഉമ്മവെച്ചപ്പോൾ......
പൂത്തതടാകം.......
ഇവയെകുറിച്ചെല്ലാം
കരുതലുള്ളവരായിരിക്കുക
കരുതലുള്ളവരായിരിക്കുമ്പോൾ
നമുക്കിടയിൽ......
അതിരുകൾ ഇല്ലാതാകുന്നു.
പ്രളയാനന്തര കേരളത്തിനായ്
നവ കേരളസൃഷ്ടിക്കായ് നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം..

ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ
പെരുമ്പളംസ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
ഞങ്ങൾക്ക്മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ അശോ ക് കുമാർ സാറിനും ജയലക്ഷ്മി ടീച്ചർക്കും നന്ദി !

എമി മാത്യൂ
- *എഡിറ്റർ*



# ഭൂമി


മാറോട് ചേർക്കുമെന്നമ്മയെപ്പോലെ-
യെന്നെ തഴുകിയുറക്കുന്ന ഭൂമി
മായാതെ മാറുന്ന യൗവന കീർത്തിയിൽ.
ആടിയുലയുന്ന ഭൂമി
കാറ്റിനേം മഴയേയും മന്ദമാരുതനേയും
മാറോട് ചേർത്തൊരു ഭൂമി
പച്ചയാം പുൽമേടിനെ ഹൃദയത്തിലേറ്റി
സുരഭിലയാകും ഭൂമി
പാടാതെ പാടുന്ന രാവിനേം പകലിനേം
മടിയിലുറക്കിയ ഭൂമി
എന്നെയും നിന്നെയും സ്വപ്നതിരകളേം
പോറ്റിവളർത്തിയ ഭൂമി
എന്നമ്മയാം ഭൂമിയെ തഴുകിത്തലോടിയാ
നെഞ്ചോടു ചേരണമെന്നും.



-അഭിലാഷ്
std 9A



# സമയവും അളവും




1. നാഴിക - 24 മിനിറ്റ്

1/2 നാഴിക - 1 മണിക്കൂർ

1 വിനാഴിക - 24 സെക്കൻറ്

1 യാമം - 3 മണിക്കൂർ

1 സെൻറ് - 40.47 ച. മീ.




100 സെൻറ് - 1 ഏക്കർ

100 ച. മീ - 1 ആർ. 0.25 ഏക്കർ

100 ആർ - ഹെക്ടർ

1000 kg -1 ടൺ

1 നാഴി - 250 ഗ്രാം

4 നാഴി - 1 ഇടങ്ങഴി

10 ഇടങ്ങഴി - 1 പറ

**സമ്പാദകൻ - അഭിരാജ് 9A**



മിനികഥ

# കൃഷിക്കാരനും കുറുക്കനും



ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ ഒരു കൃഷി
ക്കാരൻ താമസിച്ചിരുന്നു.അയാൾക്ക് സ്വന്തമായി ഒരു
ഗോതമ്പ് പാടം ഉണ്ടായിരുന്നു. കൃഷിക്കാരൻ കുറെ
കോഴികളേയും വളർത്തിയിരുന്നു.
പക്ഷെ ഒരു കുറു
ക്കൻ ഇടക്കിടക്ക്
ക്രുവുന്നകോഴികളെ പിടികൂടും.



ഒരു ദിവസം കൃഷിക്കാരൻ
കുറുക്കനെ പിടിക്കാൻ ഒരു വലയൊരുക്കി.
വലയിൽ കുറുക്കൻ കുടുക്കുകയും ചെയ്തു.

'ഹും'! കുറേക്കാലമായി നീയെന്നെ പറ്റിക്കുകയായിരുന്നു നിന്നെ ഇന്നു ഞാൻ ശരിയാക്കുന്നുണ്ട്.

കൃഷിക്കാരൻ പറഞ്ഞു.

കൃഷിക്കാരൻ തിണ്ണിയിൽ കുറെ
എണ്ണമുക്കി കുറുക്കന്റെ വാലിൽ ചുറ്റി എന്നിട്ട് തീ കൊളുത്തി.
'ക്രുയ് - കുറുക്കൻ കരഞ്ഞുകൊണ്ട് ഓടി
ഇതു കണ്ട കൃഷിക്കാരൻ പൊട്ടിച്ചിരിച്ചു.
പക്ഷേ അവൻ നേരെ ഓടിയത് കൊയ്യാറായ ഗോതമ്പ് പാടത്തേക്കാണ്.
ഗോതമ്പുപാടത്തിനു തീപിടിച്ചു.ഗോതമ്പുപാടം മുഴുവൻ കത്തി
നശിച്ചു.'ആലോചിക്കാതെ മണ്ടത്തരം
കാണിച്ചതാണ് കുഴപ്പമായത്" കൃഷിക്കാരൻസങ്കടപ്പെട്ടിരുന്നു.

മല്ലിക വിശ്വനാഥൻ 9.A



GHSS പെരുമ്പളം



# ഓർമ്മകളിലെ ഗന്ധർവ്വൻ

മലയാള കവിതയിൽ മലരണിക്കാടിന്റെ പൂക്കാലം വിരിയിച്ച കവിയാണ് ചങ്ങമ്പുഴ. ഒരു കാലഘട്ടത്തിന്റെ യൗവ്വനം.

ഹൃദയത്തുടിപ്പുകളിലേറ്റിയ വാക്കാണ് ചങ്ങമ്പുഴ.സൗന്ദര്യ

ശാസ്ത്രത്തിൽ ഒരു നീലകണ്ഠ സിദ്ധാന്തമുണ്ട്. വിഷംകുടിച്ചു

മരിക്കുന്നവനാണ് കലാകാരൻഎന്നവെളിപാടാണിത്.

ജീവിതത്തിന്റെ അധോലോകത്തിലേക്ക്

കടന്നുചെന്ന് കത്തുന്ന കാലത്തെക്കുറിച്ച് ഹൃദയ രക്തം കൊണ്ടെഴുതുന്നവനാണ് കലാകാരൻ ചങ്ങമ്പുഴ വിഷം കുടിച്ചു പാടിയ

കവിയായിരുന്നു. കാല്പനികതയുടെ നിറനിലാവ് പെയ്യിച്ച്, സ്വപ്നത്തിന്റെ ഹൃദയത്തുടിപ്പിൽ തേന്ന്യാക്ഷരങ്ങൾ കോറിയിട്ട്കടന്നുപോയ ഗന്ധർവ്വൻ. അനാദിയായ വാക്കിന്റെ പുഴയിൽചങ്ങമ്പുഴ പകർന്ന കിനാവുകൾ മലയാളി ഹൃദയക്കുടന്നയിൽ കോരിയെടുത്തിട്ടുണ്ട്. കൈരളിയുടെ തിരുശേഷിപ്പുപോലെ, പൂത്തുലഞ്ഞ ആ പൂമരത്തിന്റെ

സ്നേഹഗന്ധം ഇന്നും കലാലയത്തിന്റേതയാണ്.

ചങ്ങമ്പുഴ മലയാളിയുടെ സ്നേഹനിലാവും

അമൽ കൃഷ്ണ std 9B



# പരിശ്രമം

ഒരുദിവസം രണ്ട് ചുണ്ടെലികൾ നാടുകാണാനിറങ്ങി .

നടന്നുനടന്ന് അവർ ഒരു കുടിലിലെത്തി.



അവിടെ ഒരു കുടത്തിൽ തൈര് വച്ചിട്ടുണ്ടായിരുന്നു.

അറിയാതെ അവർ അതിലേക്ക് വിണു

രക്ഷപെടാനായി

അവർ ശ്രമിച്ചു നടന്നില്ല. തൻെറ

വിധിയെശപിച്ചുകൊണ്ട്

ഒരാൾ മുങ്ങിച്ചാകാൻ തയ്യാറായി. പക്ഷേ രണ്ടാമത്തെയാൾ മുകളിലേക്ക് ചാടിക്കൊണ്ടേയിരുന്നു. ചുണ്ടെലിയുടെ തുടർച്ചയായ ചാട്ടംമൂലം തൈര് കടഞ്ഞ് വെണ്ണ അടിയാൻ തുടങ്ങി.

തൈരിനു മുകളിൽ തൈരിനു മുകളിൽ പൊങ്ങികിടക്കുന്ന വെണ്ണയിൽ കയറി ചുണ്ടെലികൾ രക്ഷപെട്ടു.

കൂട്ടുകാരൻെറ കഠിനപരിശ്രമം മൂലമാണ് തമിക്കും രക്ഷപെടാൻ കഴിഞ്ഞതെന്നു മനസ്സിലാക്കിയമടിയൻ ചുണ്ടെലി പിന്നീടൊരിക്കലും വിധിയെ പഴിച്ചിട്ടില്ല.

ഏതാപത്തിലും കഠിനപരിശ്രമത്തിലൂടെ അവൻ സ്വയരക്ഷ കണ്ടെത്താൻ തുടങ്ങി.



- **അപർണ്ണ ഗോപകുമാർ** std 9B

# എൻെറ മലയാളം    കവിത

തനിമയെഴുന്നൊരു മലയാളം

പൂമ്പൊടി വിതറും മലയാളം

സൗന്ദര്യത്തിൽ പ്രകൃതി മനോഹരി മലയാളം

നമ്മുടെ സ്വന്തം  മലയാളം

നമ്മയെഴുതിയ മലയാളം

മാതാവാണെൻ മലയാളം

എൻെറ  സ്വന്തം മലയാളം

പുഞ്ചിരി തൂകിയ മലയാളം

കുശലം പറയും മലയാളം

തമ്പുരു മീട്ടിയ മലയാളം

തനിമയെഴുന്നൊരു മലയാളം

പൂമ്പൊടി  വിതറും  മലയാളം

സൗന്ദര്യത്തിൻ പ്രതീകമാം

പ്രകൃതി മനോഹരി മലയാളം

നമ്മുടെ സ്വന്തം മലയാളം

നമ്മെയെഴുതിയ മറു-

നാടൻപാട്ടുകൾ ഓതിത്തന്ന

കർഷകരുടെ മലയാളം

വള്ളംകളിയുടെ  കേളിയേഴും

ഓണമുള്ളൊരു മലയാളം

പൂക്കളിറുത്തും ഊഞ്ഞാലാടിയും

കുട്ടികളുടെ മലയാളം




മനു ശങ്കർ   9A

GHSS പെരുമ്പളം

# മൊഴിമുത്തുകൾ

കുഞ്ഞുണ്ണിമാഷ്



അരുതരുതരുതരുതരുതു രതിർ
പേരിൽ പെരുമയിലരുതു രതി
വിഡ്ഢിത്തം കാണിച്ചാലു
മല്പത്തം കാണിക്കൊല
നല്ലോരെ സ്നേഹിക്കാൻ
നായയ്ക്കും വയ്ക്കും
അനാകാരത്തിൽ നിന്നല്ലാ
താകാരം സംഭവിച്ചടാ
മനസല്ലോപരിസര
മതു ശുദ്ധീകരിക്കണം
അമ്മയെ വാഴത്താത്തവൻ
തന്നത്താനികഴ്ത്തുന്നോൻ
ഇല്ലായിമകൊണ്ടും വലുതാവണം നാം
വല്ലായിമകൊണ്ടും വലുതാവണം നാം
ഒറ്റയ്ക്കു നിലയ്ക്കണമൊന്നിച്ചും നിൽക്കണമൊന്നിച്ചു നിൽക്കണ
മെന്നാലേ മർത്ത്യൻ സുശക്ത്നാകു
ഹിമാലയത്തിൽതട്ടി പ്രതിനിധ്വനിക്കും മട്ടി
ലാളുകൾ നാം ചെല്ലുമവനാൽ കേട്ടിടാതെ

കല്ലിനെ പൂജിക്കുന്നോൻ പ്രർത്ഥിപ്പതൊരു വൈര

ക്കല്ലുകിട്ടുവാനാകാം

ശക്തനെയതിക്കുവാൻ

ശക്തനുമശ്ക്തനാം

ധനമുള്ളവനൊരു ധനികൻ മാത്രം

ധനമേ വേണ്ടാത്തവനേ ധന്യൻ

കാക്കുന്നോൻചെറുതായാൽ

കാക്കുന്നോൻ ആയിത്തീരും

കാക്കുന്നോൻ വലുതായാൽ

കാക്കുന്നോനായിത്തീരും

- സായനോര std 9B



കവിത

# നീ ആരാണ്? (എനിക്ക്)



ഞാൻ കാടാണ്
കറുത്ത കാട്
വന്യമായ സൗന്ദര്യത്തിനപ്പുറം
നിഗൂഢതകളുടെ മോഹിപ്പിക്കുന്ന
ആകാംഷകൾ

ഞൻ സമുദ്രമാണ്
ഭ്രാന്തവും ശാന്തവുമായ
മനസിൻെറ തിരകൾ
മത്സരിച്ചെത്തുന്ന തീരം

ഞാൻ  കാറ്റാണ്
തഴുകിത്തലോടാനും
കുളിർത്തു വിറപ്പിക്കാനും
ആർത്തട്ടഹസിക്കാനും

ഞാൻ മേഘമാണ്
അലയാൻ  വിടുന്ന മനസിന്
പിറകേ മറ്റൊരു മേഘമായ്

ഞാൻ മഴയാണ്
ചുട്ടുനീറുന്ന പ്രാണനിൽ
കുളിർത്തു പെയ്തിറങ്ങാൻ

ഞാൻ അസ്തമയ സൂര്യനാണ്
പ്രണയപ്പനി കൊണ്ട്
വിറയ്ക്കുന്ന ചുണ്ടിന്
സിന്ദൂരം ചാർത്താൻ

ഞാൻ നിലാവാണ്
കനവുകൾ കൺമഷിയെഴുത്തിയ

GHSS പെരുമ്പളം

# ഒരു അധ്യാപികയുടെ ഓർമ്മക്കുറിപ്പ്

ഞാൻ പഠിച്ച വിദ്യാലയമാണ് പെരുമ്പളം ഗവ. ഹൈസ്കൂൾ. 1981-ൽ മലപ്പുറം തിരൂർ സ്കൂളിൽ സേവനം ആരംഭിച്ചു. പിന്നീട് 1987-ൽ മലയാളം അധ്യാപികയായി ഈ സ്കൂളിന്റെ തന്നെ ഭാഗമായ പെരുമ്പളം ഗവ.എച്ച്.എസിലേക്ക് വരുവാൻ ഭാഗ്യമുണ്ടായി. ഈ സ്കൂളിൽ തന്നെ നീണ്ട ഇരുപത്തിരണ്ട് വർഷങ്ങൾ! ഒത്തിരി ഒത്തിരി സൗഹൃദങ്ങൾ അനുഭവങ്ങൾ,ഓർമ്മകൾ,2009-ൽ ഞാൻ പറവൂർ ഗവ.എച്ച്.എസ്. ഹെഡ് മിസ്ട്രസായി വിരമിച്ചു.ഇപ്പോൾ വിശ്രമജീവിതം നയിക്കുമ്പോഴും പെരുമ്പളത്തിന്റെ ഓർമ്മകൾ മനസ്സിൽ പച്ചപിടിച്ച് നിൽക്കുന്നു.

എന്നെ ബി എഡിനു മനഃശാസ്ത്രം പഠിപ്പിച്ച മേരി എന്ന അധ്യാപിക നൽകിയ ഉപദേശം സർവീസിലുടനീളം പാലിക്കുവാൻ പരമാധി ശ്രമിച്ചിട്ടുണ്ട്.നിങ്ങളുടെ മുമ്പിലിരിക്കുന്ന ഓരോ കുഞ്ഞുങ്ങളും നിങ്ങളുടെ മക്കളാണെന്നു കരുതി സ്നേഹിക്കണം! അതായിരുന്നു ആ ഉപദേശം. അക്കാലത്തെ അധ്യാപകർ ഭൂരിപക്ഷം അങ്ങനെ തന്നെ ആയിരുന്നു.അമ്മയും മക്കളും പോലെ കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ ദുഃഖങ്ങൾ തുറന്നുപറയാൻ സാധിച്ചിരുന്നു. അന്നത്തെ കുട്ടികൾ നല്ല തേജസ്സും,ഓജസ്സും നിറഞ്ഞവരായിരുന്നു. അധ്യാപകരായ ഞങ്ങളിലേക്ക് പോലും ആ ചൈതന്യം പകർന്ന് തരുവാൻ തക്ക ചൈതന്യവതികൾ!

അന്നത്തെ സ്റ്റാഫ്റൂം നിറയെ അധ്യാപകരായിരുന്നു.അധ്യാപികമാരായിരുന്നു എണ്ണത്തിൽ ഭൂരിപക്ഷവും.ഞങ്ങൾ സുഖദുഃഖങ്ങൾ പരസ്പരം പങ്കുവച്ചിരുന്നു.ഇണങ്ങിയും പിണങ്ങിയും ഒരു കുടുംബംപോലെ കഴിഞ്ഞിരുന്ന സഹപ്രവർത്തകർ!പഴയകാല അധ്യാപകർ എല്ലാവരും തന്നെ വിരമിച്ചു.ചിലർ രോഗാവസ്ഥയിൽ ചിലർ വാർധക്യത്തിൽ,മറ്റു ചിലർ വിദേശത്ത് മക്കളോടൊപ്പം ,ചിലരാകട്ടെ മക്കളോടും,കൊച്ചുമക്കളോടും ഒപ്പം നാട്ടിൽ തന്നെ.ഓർമ്മയിൽ ചില മുഖങ്ങൾ തെളിഞ്ഞുവരുന്നു. പ്രിയപ്പെട്ട രാധമ്മ ടീച്ചറെപ്പറ്റി പറയാതെ വയ്യ.ടീച്ചർ ഏകാന്തതയിലും,രോഗാവസ്ഥയിലുമാണ്. ടീച്ചർ വളരെ പുരോഗമന വാദിയായിരുന്നു.സ്ത്രീകൾ എല്ലാ മേഖലയിലും എത്തിപ്പിടിക്കണം എന്ന ആഗ്രഹമായിരുന്നു ആ അധ്യാപികക്കുണ്ടായിരുന്നത്.

# മോഹം

മോഹങ്ങളുടെ തേരേറി
ആകാശക്കടലിലൂടൊരു യാത്ര
മേഘങ്ങളുടെ ചുംബനമേറ്റ്
ആർദ്രതയുടെ കുപ്പായമണിഞ്ഞു
നീലവാനത്തു നീന്തിയപ്പോളെൻ
മനമെന്തിനോ തുടിച്ചു................
ഇന്നും അവ കെടാജ്വാലയായ്
കുടത്തിലെ വിളക്കു പോലെ



അർജുൻ P.S Std 9B



GHSS പെരുമ്പളം

കഥ

# എൻെറ സ്വപ്നങ്ങൾ തേടിയൊരു യാത്ര



മല്ലിക.വി.വി 9.B

ആകാശ് കലണ്ടർ മറിച്ചിട്ടു ഏപ്രിൽ 22 തികച്ചും മറക്കാനാലാത്ത ഒരു ദിവസമായിരുന്നു അത്.എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ വർഷങ്ങൾക്ക്മുമ്പ് ഇതേപോലൊരു ദിവസമായിരുന്നു തണുത്ത്മരവിച്ച് ഇനിആരെയും കാണാനും കേൾക്കാനും ആകാത്ത അച്ഛൻെറ ശരീരവും പാതി ബോധത്തോടു കൂടിയുള്ള അമ്മയെയും കരഞ്ഞു കരഞ്ഞു ശബ്ദം താണുപോയ കുഞ്ഞുപെങ്ങളെയും മാറോട് ചേർത്തണച്ച് ഒരു സ്വരം പോലും ഉയർത്താനാനാതെ എനിക്ക് നിസ്സഹായനായി നിൽക്കേണ്ടിവന്ന ദിവസം. അന്ന്ദൃഢപ്രതിജ്ഞയെടുത്തു.തികച്ചും ഏകാന്തമായ നിമിഷങ്ങൾ അച്ഛൻ ഇല്ലാത്ത ആ കൊച്ചു വീട്ടിൽ നിശബ്ദത പടർന്നിരുന്നു.

അമ്മയേയും അനുവിനേയും കാണുമ്പോൾ കണ്ണിൽ നിന്ന്കണ്ണുനീർ അറിയാതെ വീഴുവാൻ തുടങ്ങി.അങ്ങനെ പതിനെട്ടു വയസ്സിൽ ജീവിതത്തിൻെറ എല്ലാ സുഖങ്ങളും നഷ്ടപ്പെട്ട് കുടുംബം ഏറ്റെടുക്കേണ്ടി വന്ന എനിക്ക് എൻെറ പഠനം,എൻെറ ഭാവി എന്ന ചിന്ത എല്ലാം .ഞാൻ എന്ന സങ്കൽപത്തിൽ നിന്ന് ഞങ്ങൽ എന്ന് മാറിയ നാളുകൾ.അച്ഛൻെറ അമ്മയും വീട്ടിൽ തനിച്ചല്ലേയുള്ളത് അവരെ എങ്ങനെയാ ഒറ്റയ്ക്കുതാമസിപ്പിക്കാൻ പറ്റുക.പിന്നീട് പാർട്ട്ടൈംജോലിക്ക് പോകുവാൻ തുടങ്ങി.എന്നാൽ അനുവിൻെറ മുന്നോട്ടുള്ള പഠനത്തിന് പണച്ചെലവ്ഏറെയാണ്.പാർട്ടൈജോലികൊ ണ്ടൊന്നുംഒന്നും ഒന്നും ആവില്ല. പിന്നീട് എൻെറ അച്ഛൻെറ മറ്റൊരനിയൻ വഴി ഗൾഫിലേക്കുള്ള വിസ ലഭിച്ചു.നദികയളും,തടാകങ്ങമളും ,കാടും,വീടും,പച്ചപ്പും എല്ലാം ഉപേക്ഷിച്ച് മരുഭൂമിയും ഒട്ടകവുമ മാത്രമുള്ളഷെയ്ക്കുമാരുടെ നാട്ടിലെ വിശ്വസനീയം ആയിരുന്നില്ല


## തത്തമ്മ



തത്തമ്മയ്ക്കൊരു മുത്തം
തത്തക്കിളിക്കൊരു മുത്തം
തത്തച്ചുണ്ടിനൊരു മുത്തം
കിളിമൊഴിക്കൊരു മുത്തം

കവിത

## പ്രതീക്ഷ



കൂരിരുട്ടിൽ എനിക്കാശ്വാസമായി
നിൽക്കുന്നു നീ എപ്പോഴും
കണ്ണടച്ചാൽ എന്നും എൻ മുന്നിൽ
നിൽക്കുന്നു നീ എപ്പോഴും
കാലാന്തരങ്ങളാൽ ഒഴുകി വരുന്ന
അന്ധകാരത്തിൻെറ ആഘാതം
കുറയ്ക്കുന്നു എപ്പോഴും
മിന്നിത്തിളങ്ങുന്ന താരങ്ങളാൽ
അണിയിച്ചൊരുക്കിയ
മൈതാനത്തിൻെറ തെളിശോഭയായ് നീ
നിൻെറ ശോഭയിൽ നിന്നടർന്നു വീണ
പുഞ്ചിരി എൻെറ ഉള്ളിലെ കെടാവിളക്കാണ്

GHSS പെരുമ്പളം

നിൻെറ ശോഭയിൽ നിന്നടർന്നുവീണ

പുഞ്ചിരി എൻെറ ഉള്ളിലെ കെടാവിളക്കാണ്

നിൻെറ പൂമുഖം പ്രത്യക്ഷമാകുംമ്പോൾ

എന്നുള്ളിൽ അലതല്ലുന്ന അതിരില്ലാത്ത ആവേശം

അണയാറായ ജീവിത്തിനൊരാശ്വാസം പകരുന്ന

പ്രതീക്ഷയുടെ കൈയ്യൊപ്പാണ് നീ.

മൺമറഞ്ഞുപോയ പ്രതീക്ഷയുടെ ആക്കം കൂട്ടാൻ

നീ കൂടെയുണ്ടാകില്ലേ പ്രീയ മാതേ

ഉണ്ണിക്കൃഷ്ണൻ
std 9A



GHSS പെരുമ്പളം

17.എത്ര തല്ലിയാലും ഒരിറ്റുകണ്ണീർ വരില്ല -ചെണ്ട

18.വേലിമേൽ നുറുങ്ങരി -ചിതൽ

19.വാങ്ങുന്നവൻ ഉപയോഗിക്കുന്നവൻ അറിയുന്നില്ല -ശവപ്പെട്ടി

20.രണ്ടമ്മയ്ക്കും കൂടി ഒരു തലയണ -വരമ്പ്

സമ്പാദകൻ- വിശാൽ വിനോദ്

std 9A



## കുരുവി

*കുരുവിപ്പെണ്ണേ, കുരുവിപ്പെണ്ണേ*

*എവിടെ പോകുന്നു ?*

*നീ എവിടെ പോകുന്നു ?*

*അങ്ങേ കാട്ടിലെ*

*ഓളം തല്ലുന്ന പുഴ കാണാനോ*



# _വിദ്യാലയം

വിദ്യാലയ മുറ്റത്ത് സൗഹൃദം കൂടി നാം

അറിവുകൾ ഏറെ പഠിച്ചെടുത്തില്ലേ നാം

വിദ്യാലയമാണെൻെറ അറിവിൻെറ ഉറവിടം

സ്നേഹത്തിൻ സുന്ദര വിദ്യാലയം

അമ്മയെന്നെഴുതിയ ആദ്യ വിദ്യാലയം

സൗഹൃദം കൂടിയ ഒരു നവ വിദ്യാലയം

അറിവിൻെറ ദീപമായ് എൻെറ വിദ്യാലയം

വിജ്ഞാനശോഭയായ് എൻെറ വിദ്യാലയം

ഇന്ന് ഞാൻ നിൽക്കുന്ന പദവിയ്ക്ക് ഉടമയായ്

എന്നും ഞാൻ ഓർക്കുന്നു എൻെറ വിദ്യാലയം

എൻെറ വിദ്യാലയമാണെൻെറ ആശ്രയം
*അറിവിൻെറ പൊരുളായ സ്നേഹ വിദ്യാലയം.*

*-അഭിലാഷ് 9A*



# നൊമ്പരം

ഒരുമിച്ചു ചേരുമിനിയുമെന്നാശിച്ചു
വിടപറഞ്ഞവർ നമ്മൾ
കാലത്തിൻ തൊട്ടിൽ കൈകളിൽ
ചാഞ്ചാടുന്നവർ
ഇനിയുമൊരു സംഗമം
ഇനിയുമൊരു പൊട്ടിച്ചിരി
ഇനിയുമൊരു പൊൻ കിനാവിനായി
ഇവിടെ ഞാൻ കാത്തിരിക്കുന്നു
നിനക്കായ്
പൂക്കാത്ത മുല്ല തൻ ദുഖത്തിൻ
ഭാരം പേറി
ഇല കൊഴിഞ്ഞൊരാ തണൽ
മരത്തിൻ കീഴിൽ
ഇണപിരിഞ്ഞ ചക്രവാകത്തിൻ
നൊമ്പരം
കവിതയിലുണർത്താൻ കൊതിച്ച്
ഏകയായ് ഞാനിരിപ്പൂ.

-മനു ശങ്കർ 9A



# പുഷ്പം

ഞാനൊരു പുഷ്പമായ്

വിരിയും നേരം, കാറ്റായി

നീ എന്നെ പുണരില്ലേ......

എന്നിതൾ തഴുകി, എൻ കരം മുത്തമിട്ട്

എങ്ങോ മാഞ്ഞു നീ പോയില്ലേ....

തേൻ നുകരും പൂമ്പാറ്റയേപ്പോൽ

വർണ്ണമെഴും മഴവിൽപോലെ നീ

എൻമുഖം കാണാനായി വരുകയില്ലേ

എൻഗന്ധമേൽക്കാൻ ഓടിയെത്തും കുരുന്നുകൾ

എന്നെ നശിപ്പിക്കാൻ മുതിരല്ലേ....

ഞങ്ങളെന്നും പ്രകൃതി സ്വത്ത്....

ഞങ്ങളെന്നും ദൈവത്തിൻെറ വരദാനം.



**- അഭിരാജ്  9A**

# വൈക്കം മുഹമ്മദ് ബഷീർ

ജീവിതം  അനന്തമായ

  പ്രാർത്ഥനയാണ് .,,,

    മരണമില്ലാത്ത  വാക്ക്

അനുഭവങ്ങളുടെ വൻകരയെ മലയാള

സാഹിത്യത്തിലേക്ക് കൊണ്ടുവന്ന ബഷീർ

ഒരു ഇതിഹാസമായിരുന്നു. ജനിയുടെ

തൊരുവുകളിലെ ശബ്ദ്ങ്ങളും സംഗീതം

പൊഴിക്കുന്ന സുരഭില സ്വപ്ന്ങ്ങളും

അക്ഷരങ്ങളിലേക്കാവാഹിച്ച ബേപ്പൂർ

സുൽത്താൻ അല്ലാഹുവിൻെറ

ഖജനാവിലെസമയവും മുറിച്ച് മറഞ്ഞ്പോയി

സ്വാതന്ത്ര്യത്തിൻെറ നാനാർത്ഥങ്ങൾ

പറഞ്ഞ മതിലുകൾ ചോരകിനിയുന്ന

പ്രണയത്തിൻെറ ഉണ്ണ് വാഹിനിയായ

ബാല്യകാലസഖി. ഭാഷയുടെ മാന്ത്രികത
അനുഭവിച്ച  പാത്തുമ്മയുടെ ആട്
ചേതോഹരമായ
അശാന്തിയെക്കുറിച്ചെഴുതിയ
കവിതപോലെയുള്ള കഥകൾ

GHSS പെരുമ്പളം

# Twice a week the winter thorough

twice a week the winter thorough
here stood l to keep the goal:
football then was fighting sorrow
for the young man' s soul.

Now in may time to the wicket
out l march with bat and pad:
see the son of grief at cricket
trying to be glad

try l will; no harm in trying:
wonder ' tis how little mirth
keeps the bones of man from lying
on the bad of earth.

Sadath saji
൯:b

# Song of a dream

sarojini naidu

*once in the dream of a night i stood*
*lone in the light of a magical wood,*
*soul-deep in visions that poppy-like sprang;*
*and spirits of truth were the birds that sang,*
*and spirits of love were the stars that glowed,*
*and spirits of peace were the streams that flowed*
*in that magical wood in the land of sleep.*

*Lone in the light of that magical grove,*
*i felt the stars of the spirits of love*
*gather and gleam round my delicate youth*
*And I heard the song of the spirits of truth;*
*to quench my longing I bent me low*
*by the streams of the spirits of peach that flow*
*In that magical wood in the land of sleep.*

*-Anantha Krishnan KK*
*Std 9B*

